# ചെയിൻ ബിസിനസ്: പത്രമുത്തശ്ശിമാർ വലവിരിക്കുന്നു

പി. സുധീർകുമാർ

കേരളീയർ ഗുരുതരമായ ഒരു പണഞെരുക്കത്തിലേക്ക് നടന്നെത്തുന്നതാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്ന പ്രധാന സമകാലിക വിശേഷം. വ്യക്തികളും സ്ഥാപനങ്ങളും ഒരുപോലെ ഈ പ്രതിസന്ധിയിൽ ബുദ്ധിമുട്ടുന്നുണ്ട്. ഇതിൽ നിന്നും കരകയറാൻ അവർ കണ്ടെത്തുന്ന വഴികളോ, അതിവിചിത്രങ്ങളും!

പണത്തിന് 'ടൈറ്റ്' വരുമ്പോൾ മലയാളി തന്റെ കുടുംബ ബഡ്ജറ്റിൽ നിന്നും ആദ്യം വെട്ടിക്കളയുന്ന ഇനം, 'പത്ര'മാണ്. പലവിധ സ്വാധീനങ്ങളും പരിചയങ്ങളും ഉപയോഗിച്ച് കുടുംബങ്ങൾക്കുമേൽ കെട്ടിയേല്പിക്കപ്പെട്ട പത്രങ്ങൾ ആദ്യം തന്നെ ' ഔട്ടാ'കുന്നു. ആരും പറയാതെ പത്രം വാങ്ങിവന്നിരുന്ന കുടുംബങ്ങൾപോലും അപ്പോൾ പത്രം വേണ്ടെന്നുവെയ്ക്കുന്നു.

3 കോടിയോളം ജനങ്ങളും 50 ലക്ഷം കുടുംബങ്ങളുമുള്ള കേരളത്തിൽ പല പത്രങ്ങളുടേയും പ്രചാരം പരമാവധി സാധ്യമാകാനിടയുള്ളതിലും കൂടുതലായാണ് ഇപ്പോൾ തന്നെ നിൽക്കുന്നത്. പക്ഷേ, അവരുടെ ലക്ഷ്യമാകട്ടെ ആലീസിന്റെ അത്ഭുതലോകത്തിലേതാണെന്താനും. ജില്ലാ എഡീഷനും ഉപജില്ലാ എഡീഷനും മതവും, ജാതിയും,ഉപജാതിയും,പാർട്ടിയും, ഗ്രൂപ്പും, ബാബയും, അമ്മയും, രവിശങ്കറുമൊക്കെ കളിച്ചും കളിപ്പിച്ചും നേടാവുന്നതൊക്കെ നേടിയ കൂട്ടർക്ക് ഇനിയൊരടി മുന്നോട്ടുവെക്കണമെങ്കിൽ ഇതുവരെ കളിച്ചതൊന്നും മതിയാകില്ല; വല്ല കുട്ടിച്ചാത്തൻ സഹായവും കൂടിയേ തീരൂ എന്ന അവസ്ഥ.

അങ്ങനെയിപ്പോൾ കേരളത്തിലെ പത്രമുത്തശ്ശിയെന്ന സ്ഥാനത്തിന് തമ്മിലടിക്കുന്ന രണ്ടു പത്രങ്ങളും നെറ്റ്വർക്ക് മാർക്കറ്റിങ്ങ് പരീക്ഷിക്കാനിറങ്ങുകയാണ് - 'ദീപിക' നേരിട്ടും 'മനോരമ' നേരിട്ടല്ലാതെയും. ഒന്നര കൊല്ലത്തെ പത്രത്തിന്റെ പണം നൽകിയാൽ ആറുമാസത്തെ പത്രം ലഭിക്കും; പിന്നെ നിങ്ങൾക്ക് ശേഷിയുണ്ടെങ്കിൽ ആറു ലക്ഷമോ ആറു കോടിയോ ഉണ്ടാക്കാമെന്ന മലർപ്പൊടിക്കാരന്റെ സ്വപ്നത്തിന്റെ പങ്കുവെക്കലും.

ഭൂമിയിലെ മലയാളം അറിയുന്ന സകലരും ഓരോ പത്രം വാങ്ങിയാൽപ്പോലും നെറ്റ്വർക്ക് മാർക്കറ്റിന്റെ 20 സ്റ്റെപ്പ് പൂർത്തിയാക്കുവാൻ പോലുമാകില്ല എന്ന സത്യം മൂടിവെക്കുന്ന ഈ കലാശക്കളിയുടെ അവസാനം; 6മാസത്തെ പത്രം വായിക്കാൻ ഒന്നരകൊല്ലത്തെ പത്രത്തിന്റെ പണം അഡ്വാൻസായിക്കൊടുത്ത മലയാളികളുടെ എണ്ണം ഒരു കോടിക്കു മുകളിലായിരിക്കുമെന്നു മാത്രം ഉറപ്പ്.

(ശേഷം 3 -ാം പേജിൽ)

# പത്രമുത്തശ്ശിമാർ വലവിരിക്കുന്നു

(ഒന്നാം പേജ് തുടർച്ച)

സ്റ്റെപ്പ് 1: നിങ്ങൾ ചേരുന്നു.
സ്റ്റെപ്പ് 2: നിങ്ങൾ 3 പേരെ ചേർക്കുന്നു
സ്റ്റെപ്പ് 3: ആ 3 പേർ ചേർന്ന് 9 പേരെ ചേർക്കുന്നു
സ്റ്റെപ്പ്4: 9 പേർ ചേർന്ന്27 പേരെ ചേർക്കുന്നു
സ്റ്റെപ്പ്5: 27 പേർ ചേർന്ന് 81 പേരെ ചേർക്കുന്നു
സ്റ്റെപ്പ്6: 81 പേർ ചേർന്ന്243 പേരെ ചേർക്കുന്നു
സ്റ്റെപ്പ്7: 243പേർ ചേർന്ന് 729 പേരെ ചേർക്കുന്നു
സ്റ്റെപ്പ്8: 729 പേർ ചേർന്ന്21877 പേരെ ചേർക്കുന്നു
സ്റ്റെപ്പ്9: 2187 പേർ ചേർന്ന് 6561 പേരെ ചേർക്കുന്നു
സ്റ്റെപ്പ്10: 6561 പേർ ചേർന്ന്19,683 പേരെ ചേർക്കുന്നു
സ്റ്റെപ്പ്11: 19683 പേർ ചേർന്ന്59,049 പേരെ ചേർക്കുന്നു
സ്റ്റെപ്പ്12: 59,049 പേർ ചേർന്ന്1,77,147 പേരെ ചേർക്കുന്നു
സ്റ്റെപ്പ്13: 1,77,147 പേർ ചേർന്ന്5,31,441പേരെ ചേർക്കുന്നു
സ്റ്റെപ്പ്14: 5,31,441 പേർ ചേർന്ന്15,94323 പേരെ ചേർക്കുന്നു
സ്റ്റെപ്പ്15: 15,94323പേർ ചേർന്ന്47,82,969 പേരെ ചേർക്കുന്നു
സ്റ്റെപ്പ്16: 47,82,969 പേർ ചേർന്ന്1,43,48,907 പേരെ ചേർക്കുന്നു
സ്റ്റെപ്പ്17: 1,43,48,907 പേർ ചേർന്ന്4,30,46,721 പേരെ ചേർക്കുന്നു

15-ാം സ്റ്റെപ്പിലെത്തണമെങ്കിൽ എല്ലാ മലയാളി കുടുംബങ്ങളും നിങ്ങൾ പറയുന്ന പദ്ധതിയിൽ ചേർന്നിരിക്കണം. 16-ാം സ്റ്റെപ്പിലെത്തണമെങ്കിൽ ഓരോ മലയാളി കുടുംബത്തിലും 4 പേർ വീതം നിങ്ങളുടെ പദ്ധതിയിൽ ചേരണം. 17-ാം സ്റ്റെപ്പിലെത്തണമെങ്കിൽ, മറ്റു ഭാഷക്കാരെല്ലാം മലയാളം പഠിച്ച് നിങ്ങളുടെ പത്രം വാങ്ങാൻ തുടങ്ങണം.

ആദ്യം ചേർന്ന അമ്പതോ നൂറോ പേർക്ക് മാസംതോറും പതിനായിരമോ ഇരുപതിനായിരമോ കിട്ടുന്ന കാര്യം പറഞ്ഞ്, കൊതിപ്പിച്ച് കോടിക്കണക്കിനുപേരുടെ കയ്യിൽ നിന്നും പണം സമാഹരിക്കുന്ന ഈ പദ്ധതികൾ സൂക്ഷിക്കുക.

പദ്ധതിയിൽ ചേരുന്ന ഓരോ വ്യക്തിക്കും അയാൾ മുടക്കുന്ന പണത്തിനു തുല്യമായ സാധനമെങ്കിലും നൽകാതിരിക്കുകയും ഭൂമിയിലൊരിക്കലും സാധ്യമല്ലാത്ത ഒരു കാര്യം നിങ്ങൾ സാധ്യമാക്കിയാൽ നിങ്ങൾക്ക് പണമുണ്ടാക്കാനാകുമെന്നു പറഞ്ഞ് വഞ്ചിക്കുകയാണ് ഇവർ ചെയ്യുന്നത്.

അല്ലെന്നാർക്കെങ്കിലും പറയാനുണ്ടെങ്കിൽ രണ്ടേ രണ്ടു ചോദ്യം മാത്രം : ഭൂമിയിൽ ഇന്നു ജീവിച്ചിരിക്കുന്നവരിൽ മലയാളം വായിക്കാനറിയാവുന്നവർ എത്രപേരുണ്ട് ? നിങ്ങളുടെ പദ്ധതിയിൽ ചേരുന്നവർക്ക് എല്ലാവർക്കും മൂന്നുപേരെ വീതം പദ്ധതിയിലേക്ക് കണ്ടെത്തണമെങ്കിൽ, 15സ്റ്റെപ്പ് പൂർത്തിയാക്കണമെങ്കിൽ എത്രപേർ വേണം ?

ഈ ചോദ്യങ്ങൾക്ക് ഉത്തരം അറിഞ്ഞിട്ടാകാം ബാക്കി.